*നം.എൽ.എഫ്.പി.19/392/2015*

*ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ*
*ഡെപ്യൂട്ടി ഡയറക്ടറുടെ ജില്ലാ കാര്യാലയം, പാലക്കാട്.*
*തിയതി:16.05.2015*

*ഡെപ്യൂട്ടി ഡയറക്ടർ,*
*ലോക്കൽ ഫണ്ട് ഓഡിറ്റ്,*
*പാലക്കാട്.*

*പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം)*
*പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത്.*

സർ,

വിഷയം -പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത്--2012-13 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്

…................................

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13- )ം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4)-ാം വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2012-13 സാമ്പത്തിക വർഷത്തെ വരവു\ചെലവു കണക്കുകളുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പുസഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരുമാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ചചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റേയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.(കേരള പഞ്ചായത്ത് രാജ്\ - പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും- ചട്ടങ്ങൾ14,15)

ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭയിൽ ചർച്ചചെയ്യേണ്ടതും അഭിപ്രായങ്ങളും ശുപാർശകളും നിർദ്ദേശങ്ങളും ശേഖരിക്കേണ്ടതുമാണ് (പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 3(എ)(3)).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ \തടസങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്.(ലോക്കൽ ഫണ്ട് ഓഡിറ്റ്നിയമം സെക്ഷൻ 15 (1)ചട്ടം 20,23 , 1997ലെ കേരള പഞ്ചായത്ത് രാജ് - പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും - ചട്ടം 21(1),(2) എന്നിവ കാണുക.)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

*പകർപ്പ്.*

1. *ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ,തിരുവനന്തപുരം,(ഇ- മെയിൽ മുഖേന)*
2. *പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.*
3. *പെർഫോമൻസ് ഓഡിറ്റ് ഓഫീസർ( അസി.ഡയറക്ടർ ഓഫ് പഞ്ചായത്ത്),പാലക്കാട്.*
4. *ഓഫീസ് കോപ്പി.*

എൽ.എഫ്.പി19/392/15

ലോക്കൽ ഫണ്ട് ഓഡിറ്റ് സിനിയർ ഡെപ്യൂട്ടി

*ഡയറക്ടറുടെ ജില്ലാ കാര്യാലയം,പാലക്കാട്*
*തിയ്യതി.16.5.2015*

പാലക്കാട് ജില്ലയിലെ പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2012-13 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് റിപ്പോർട്ട് (1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) -ാം വകുപ്പ്, 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപേരും : | ശ്രീമതി.മേരി ബന്ന തിയോഫിലസ്, ഡെപ്യൂട്ടി ഡയറക്ടർ. |
| *അക്കൗണ്ട്സ് സർട്ടിഫിക്കേഷൻ നടത്തി സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം :* | L.F.-P 21-1989/13(59)തീയതി 24.11.2014 ക്ലിയർ സർട്ടിഫിക്കറ്റ് |

## ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

പട്ടഞ്ചേരിഗ്രാമപഞ്ചായത്ത് 2012-13 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം , മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനക്ക് വിധേയമാക്കുകയുണ്ടായി.

പഞ്ചായത്ത് 22.09.2013 മുതൽ 11.02.2015 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

## ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരു വിവരം |
|---|---|
| 12.02.2015 മുതൽ 21.02.2015 വരെ | *പി. ഗോപിനാഥൻ, ഓഡിറ്റ് ഓഫീസർ,<br>യു.പ്രീത,അസി ഓഡിറ്റ് ഓഫീസർ<br>പി.വിദ്യ,അസി. ഓഡിറ്റ് ഓഫീസർ<br>എം.പ്രദീഷ് - ഓഡിറ്റർ* |

## നിർവഹണാധികാരികൾ

പ്രസിഡന്റ് : ശ്രീ പി.എസ് ശിവദാസൻ 01-04.2012 മുതൽ 31.03.2013

സെക്രട്ടറി : ശ്രീ സി.ഗണേശൻ 01-04-2012 മുതൽ 31.03.2013 വരെ.

## *റിപ്പോർട്ടിന്റെ ഉള്ളടക്കം*

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.

*ഭാഗം 1 : പൊതു അവലോകനം*
*ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും*

ഭാഗം-2 : വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ
രസീതി പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ,മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ, ഓഡിറ്റ് ശുപാർശകൾ

*ഭാഗം- 3 : ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ*
*പഞ്ചായത്തിന്റെ ചെലവു കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ,മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ, ഓഡിറ്റ് ശുപാർശകൾ*

ഭാഗം 4 : ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

# ഭാഗം -1
# പൊതു അവലോകനം
# പൊതു അവലോകനം

## 1-1 പൊതു വിവരങ്ങൾ

| | |
|---|---|
| വിസ്തീർണ്ണം | 30.30 Sq.km |

| | |
|---|---|
| വാർഡുകൾ | 16 |
| ജനസംഖ്യ | 24735 |
| പുരുഷൻ | 12140 |
| സ്ത്രീ | 12595 |
| പട്ടികജാതി | 5950 |
| പട്ടികവർഗ്ഗം | 260 |
| ബ്ളോക്ക് | കൊല്ലങ്കോട് |
| നിയമസഭാ മണ്ഡലം | ചിറ്റൂർ |
| താലൂക്ക് | ചിറ്റൂർ |

## 1-2 ബജറ്റ്

| ബജറ്റ് അംഗീകരിച്ച തീയതി | മുന്നിരിപ്പ് | പ്രതീക്ഷിത വരവ് | ആകെ | പ്രതീക്ഷിത ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 13.03.2012 | 4285830 | 79300500 | 83586330 | 79349000 | 4237330 |

യഥാർത്ഥ വരവ്-ചെലവ് പ്രതീക്ഷിത വരവ്-ചെലവിനേക്കാൾ 8.2% കൂടുതലാണ്.

## 1-3 വാർഷിക കണക്കുകൾ

2012-13-ലെ വാർഷിക കണക്ക് അപാകതകൾ പരിഹരിച്ച് 16.04.2014 -നു് ഓഡിറ്റിനായി സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് 24.11.2014ന് (LF-P 21-1989/13(59)-ാം നമ്പരായി ക്ലിയർ സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ട്.

## 1-4 പദ്ധതി പ്രവർത്തനങ്ങളുടെ അവലോകനം

പ്രൊജക്ടുകളുടെ വിശദാംശങ്ങൾ

| മേഖല | അംഗീകരിച്ച പ്രൊജക്ടുകളുടെ എണ്ണം | ആകെ അടങ്കൽ | നടപ്പലാക്കിയ പ്രൊജക്ടുകളുടെ എണ്ണം | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| ഉൽപാദനം | 7 | 8966391 | 5 | 4034236 | 44.9 |
| സേവനം | 51 | 29555262 | 32 | 9702555 | 32.8 |
| പശ്ചാത്തലം | 86 | 19373115 | 38 | 12863636 | 66.3 |
| മേഖലാ വിഭജനത്തിൽ പെടാത്തവ | - | - | - | - | - |
| ആകെ | 144 | 57894768 | 75 | 26600427 | 45.9 |

വിവിധ ഫണ്ടുകളുടെ വിനിയോഗം വിലയിരുത്തൽ

പദ്ധതി ഫണ്ട്

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| സാധാരണ വിഹിതം | 1102434 | 7329142 | 8431576 | 5925703 | 70.2% |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 75672 | 4338592 | 4414264 | 3847143 | 87.1% |
| ലോക ബാങ്ക് സഹായം | 830425 | 2504000 | 3334425 | 1056183 | 31.6% |
| പ്രത്യേക ഗ്രാന്റ് | - | - | - | - | - |
| എസ്.സി.പി. | 1872238 | 8561000 | 10433238 | 5449299 | 52.2% |
| ടി.എസ്.പി. | 12500 | 475000 | 487500 | 487500 | 100% |
| ആകെ | 3893269 | 23207734 | 27101003 | 16765828 | 61.8% |

ഡി. മെയ്ന്റനൻസ് ഗ്രാന്റ്

| ഇനം | 2012-13 | | |
|---|---|---|---|
| | | | |
| റോഡ് | 10256887 | 7643721 | 74.5 |
| റോഡിതരം | 2344889 | 1287190 | 54.8 |
| ആകെ | 12601776 | 8930911 | 70.87 |

തനത് ഫണ്ടിൽ നിന്നുള്ള പദ്ധതി ചെലവ്

| അംഗീകരിച്ച പ്രൊജക്ടുകളുടെ എണ്ണം | ആകെ അടങ്കൽ | നടപ്പലാക്കിയ പ്രൊജക്ടുകളുടെ എണ്ണം | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| | ഒന്നുമില്ല | | | |

കേന്ദ്രാവിഷ്കൃത പദ്ധതികൾ

| ഇനം | 2012-13 | | |
|---|---|---|---|
| | വരവ് | ചെലവ് | ചെലവ് ശതമാനം |
| എംജിഎൻ.ആർ.ഇ.ജി.എസ് | 30843770 | 30792916 | 99.8 |

ഫണ്ട് ഷോർട്ട് ഫാൾ

ഇല്ല

## 1-5 മരാമത്ത് പ്രവൃത്തികൾ - അവലോകനം

| സൂചകങ്ങൾ | വിശദാംശം |
|---|---|
| സ്പിൽ ഓവർ പ്രവ്രത്തികളുടെ എണ്ണം | 20 |
| തൻവർഷത്തെ പ്രൊജക്ടുകളുടെ എണ്ണം | 72 |
| തൻവർഷം ടെണ്ടർ ചെയ്ത പ്രവ്രത്തികളുടെ എണ്ണം | 72 |
| ഗുണഭോക്തൃ സമിതികൾ മുഖേനയുള്ളവ | ഇല്ല |
| തൻവർഷം പൂർത്തീകരിച്ചവ | 60 |
| ഭാഗികമാക്കി ഉപേക്ഷിച്ചവ | ഇല്ല |
| തൻവർഷം പൂർത്തീകരിച്ച കുടിവെള്ളപദ്ധതികൾ | ഇല്ല |
| ഗുണഭോക്തൃസമിതികൾക്ക് കൈമാറിയ കുടിവെള്ളപദ്ധതികൾ | ഇല്ല |
| ആകെ ചെലവ് | 11360309 |

## 1-6 സാമൂഹ്യ സുരക്ഷാ പെൻഷനുകൾ - അവലോകനം

അപേക്ഷാ രജിസ്റ്ററുകളിൽ രേഖപ്പെടുത്തലുകൾ കൃത്യമല്ല. അപേക്ഷ ലഭ്യമായ തീയതി, അന്വേഷണത്തിന് നൽകിയത്, തീർപ്പാക്കിയ തീയതി, പഞ്ചായത്ത് തീരുമാനം എന്നിവ അപേക്ഷ രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷ രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-7 തൊഴിൽ രഹിത വേതനം - അവലോകനം

സാമ്പത്തിക വർഷം ലഭിച്ച 34 അപേക്ഷകളിൽ 8 എണ്ണം നിരസിക്കുകയും, 18 എണ്ണം തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ളവ തീർപ്പാക്കിയിട്ടില്ല. ഈയിനത്തിൽ 171600/- രൂപ സാമ്പത്തിക വർഷം വിതരണം ചെയതിട്ടുണ്ട്.

## 1-8 പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പ്രവർത്തനം വിലയിരുത്തൽ (സർക്കാർ ഉത്തരവ്(പി)259/2010/തസ്വഭവ തീ. 8.11.2010)

*പഞ്ചായത്തിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി 29.11.2010-ലെ തീരുമാനം 1(20) പ്രകാരം രൂപീകരിച്ചിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷത്തെ പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്ട്സ് പരിശോധിച്ചതിൽ ആഗസ്റ്റ് 2012 മുതൽ കമ്മിറ്റി പ്രവർത്തനക്ഷമമല്ലെന്നു കാണുന്നു. സാമ്പത്തിക വർഷം നടത്തിയിട്ടുള്ള വാങ്ങലുകൾ സംബന്ധിച്ച് കമ്മിറ്റി യോഗം ചേർന്ന് തീരുമാനങ്ങളെടുത്തിട്ടില്ല.*

## 1-9 പ്രസിഡണ്ടിന്റെ ദുരിതാശ്വാസ നിധി - അവലോകനം

2011-12ൽ ആരംഭിച്ച ദുരിതാശ്വാസനിധി അക്കൗണ്ടിൽ നിലവിൽ 16513/- രൂപ നീക്കിയിരിപ്പുണ്ട്.(അക്കൌണ്ട് നം-4862-പട്ടഞ്ചേരി സർവ്വീസ് കോഓപ്പറേറ്റീവ് ബാങ്ക്). പ്രസ്തുതഅക്കൌണ്ട് വിനിയോഗത്തിലില്ല.

## 1-10 തെരുവ് വിളക്കുകളുടെ പരിപാലനം വൈദ്യുതി ചാർജ്ജ് - അവലോകനം

തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ അടങ്ങുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. കെ.എസ്.ഇ.ബി.യുമായി സംയുക്ത പരിശോധന നടത്തിട്ടില്ല. സാമ്പത്തിക വർഷം 17,93,836/- രൂപ വൈദ്യുതി ചാർജ്ജിനത്തിൽ ഒടുക്കിയിട്ടുണ്ട്. വൈദ്യുതി മീറ്റർ സംവിധാനം നടപ്പാക്കുന്നതിന് സാമ്പത്തിക വർഷം 328600/- രൂപ അഡ്വാൻസായി കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ചിട്ടുണ്ട്.

## 1-11 കുടിവെള്ള പദ്ധതികളുടെ പരിപാലനം

പഞ്ചായത്ത് നേരിട്ട് നടത്തുന്ന കുടിവെള്ള പദ്ധതികൾ നിലവിലില്ല. പൊതുടാപ്പുകൾ മാത്രമുള്ള ഒരു കുടിവെള്ളപദ്ധതിയുടെ (മൂപ്പൻകുളം) വൈദ്യുതി ചാർജിനത്തിൽ സാമ്പത്തിക വർഷം പഞ്ചായത്ത് 6559/-രൂപ ഒടുക്കിയിട്ടുണ്ട്.

## 1-12 പൊതു ടാപ്പുകളുടെ വിവരം/ പ്രതിമാസ ചാർജ്ജ് അവലോകനം

136 പൊതുടാപ്പുകൾക്ക് വെള്ളക്കരമിനത്തിൽ സാമ്പത്തിക വർഷം 4,75,992/- രൂപ അടവാക്കിയിട്ടുണ്ട്. പൊതുടാപ്പുകളുടെ എണ്ണം വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി തിട്ടപ്പെടുത്തിയിട്ടില്ല.

## 1-13 ഗ്രാമ സഭകൾ - അവലോകനം

ആകെയുള്ള 16 വാർഡുകളിലും 4യോഗങ്ങൾ വീതം ചേർന്നിട്ടുണ്ട്. എല്ലാ വാർഡുകളിലും യോഗങ്ങളിൽ ക്വാറം തികഞ്ഞിട്ടുണ്ട്. പല ഗ്രാമസഭാ മിനുട്ടുകളിലും തീരുമാനങ്ങൾ ക്ലോസ് ചെയ്ത് ബന്ധപ്പെട്ട കൺവീനർമാർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-14 സ്റ്റാന്റിംഗ് കമ്മിറ്റി

വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ കൃത്യമായി യോഗം ചേർന്നിട്ടുണ്ട്. വികസന സ്റ്റാൻഡിങ്ങ് കമ്മിററിയുടെ മിനുട്ടുകളിൽ തീരുമാനങ്ങൾ വിശദമായി രേഖപ്പെടുത്തുന്നില്ല. ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിയിൽ ഓരോ മാസത്തെയും വരവ് ചെലവുകൾ അംഗീകരിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. യോഗങ്ങളിൽ പ്രത്യേക തീരുമാനങ്ങളോ, നിർദ്ദേശങ്ങളോ എടുത്തിട്ടില്ല.

## 1-15 വർക്കിംഗ് ഗ്രൂപ്പുകൾ

എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും സാമ്പത്തിക വർഷം രണ്ട് യോഗങ്ങൾ വീതം കൂടി നിർദ്ദേശങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. വ്യവസായ വർക്കിങ്ങ് ഗ്രൂപ്പ് മിനുട്ടിൽ 8.08.12 നു ചേർന്ന യോഗത്തിന്റെ തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. അതാത് വർക്കിങ്ങ് ഗ്രൂപ്പ് ചെയർമാൻമാർ മിനുട്ടുകൾ സാക്ഷ്യപ്പെടുത്തുന്നില്ല.

## 1-16 പ്രാധാന രേഖകളുടെ പരിപാലനം

മാസ്റ്റർ ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററുകളിൽ എല്ലാ വാങ്ങലുകളും കൃത്യമായി രേഖപ്പെടുത്തുന്നില്ല.ബിൽ രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ചെലവ് വൌച്ചറുകൾ ക്രമത്തിൽ സൂക്ഷിച്ചിട്ടുണ്ട്. വരവ് രേഖകളും കൃത്യമാണ്. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള ലാപ്സ്ഡ് ഡെപ്പോസിറ്റുകൾ തനത്ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

## 1-17 ഫ്രണ്ട് ഓഫീസ് സംവിധാനം

തപാൽ കൈമാറ്റം ചെയ്യുന്നതിനായുള്ള വിതരണ രജിസ്റ്റർ കൃത്യമല്ല. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടിരജിസ്റ്ററിൽ ഉപയോഗിക്കാത്ത രസീതുകളുടെ എണ്ണം കൃത്യമായി രേഖപ്പെടുത്തുന്നില്ല. ഫ്രണ്ട് ഓഫീസ് പ്രവർത്തനത്തിന്റെ മേൽനോട്ടം കാര്യക്ഷമമാക്കേണ്ടതുണ്ട്.

## 1-18 ആഭ്യന്തര നിയന്ത്രണം

പൊതുവെ തൃപ്തികരമാണ്. ജീവനക്കാർ ഓഫീസ് ഓർഡറുകൾ പ്രകാരമുള്ള ചുമതലകൾ കൃത്യമായി നിർവ്വഹിക്കുന്നുണ്ട്. പദ്ധതി നിർവ്വഹണം മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമാണ്. പർച്ചേസ് കമ്മിറ്റിയുടെ പ്രവർത്തനം, ഫ്രണ്ട് ഓഫീസ് പ്രവർത്തനം, വിവിധ വർക്കിങ്ങ് ഗ്രൂപ്പുകളുടെ മോണിറ്ററിങ്ങ് എന്നിവ കാര്യക്ഷമമാക്കേണ്ടതുണ്ട്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി.ഡി - തനത് ഫണ്ട് ബാങ്ക് / ട്രഷറി അക്കൗണ്ടിൽ ക്രഡിറ്റു ചെയ്തിട്ടില്ല

Mogralputhur ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്ന് ലഭിച്ച 2000/- രൂപയുടെ ഡി.ഡി (നം.061523/21.3.14) 25.03.2014 ന് രസീത് നമ്പർ 1305400010 ആയി Refund of Loans & Advances from own Fund എന്ന ഹെഡിൽ അക്കൗണ്ട് ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെയായി തനത് ഫണ്ട് ബാങ്ക് / ട്രഷറി അക്കൗണ്ടിൽ വരവു വന്നതായി കാണുന്നില്ല. തുക അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി അപാകതകൾ

I. പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 14.2.2011 ലെ GO(M.S)No. 36/11 /G.Edn ഉത്തരവ് പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗീകൃത അൺ എയിഡഡ് സ്ക്കൂളുകളിലെ അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുടെ കുറഞ്ഞ വേതനം 01.01.2011 മുതൽ

നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ സി.ബി.എസ്.ഇ അഫലിയേഷൻ ബൈലോ 3(V) പ്രകാരം സി.ബി.എസ്.ഇ സ്ക്കൂളുകളിൽ ജോലിചെയ്യുന്ന അദ്ധ്യാപക- അനദ്ധ്യാപക ജീവനക്കാർക്ക് സംസ്ഥാന സർവീസിലെ ഇതേ കാറ്റഗറികളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ലഭിക്കുന്ന വേതനം നൽകണമെന്നും അല്ലാത്ത പക്ഷം കേന്ദ്ര സർക്കാർ നിർദേശിച്ചിട്ടുള്ള ശമ്പളനിരക്ക് നൽകണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. (CBSE/AFF./CIRCULARS/2009, CIRCULAR NO. 01, DATED : 29.07.2009).

എന്നാൽ പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന (1)കരുണ സെൻട്രൽ സ്ക്കുൾ, വണ്ടിത്താവളം, (2)ചിൻമയ സ്ക്കൂൾ, തത്തമംഗലം എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ 2012-13 വർഷത്തെ രണ്ട് അർദ്ധ വർഷങ്ങളിലേയും തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ചതിൽ, രണ്ട് സ്ഥാപനങ്ങളും മേൽ ഉത്തരവുകൾ പാലിച്ചിട്ടില്ല. കുറഞ്ഞ വേതനം ഉൾക്കൊള്ളിച്ച് റിട്ടേൺ സമർപ്പിച്ചിരിക്കുന്നതിനാൽ കുറഞ്ഞ നിരക്കിലാണ് തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നത്. ആയതിനാൽ പഞ്ചായത്തിന് തൊഴിൽ നികുതിയിനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്.അന്വേഷണം നടത്തി നഷ്ടമായ തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

II. താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2012-13 ൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

- കൊശവൻകോട് മിൽക്ക് സൊസൈറ്റി - II ◌ം അർദ്ധവർഷം
- MGNREGS - II ◌ം അർദ്ധവർഷം

III. താഴെപ്പറയുന്ന സ്ഥാപനങ്ങളിൽനിന്നും 2012-13 ൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

- ശ്രീ പെട്രോളിയം - I & II ◌ം അർദ്ധവർഷം
- കൊശവൻകോട് മിൽക്ക് സൊസൈറ്റി - II ◌ം അർദ്ധവർഷം
- സി.ജെ മഹൽ കല്യാണമണ്ഡപം - II ◌ം അർദ്ധവർഷം
- നന്ദിയോട് മിൽക്ക് സൊസൈറ്റി - II ◌ം അർദ്ധവർഷം

IV. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിലെയും വാർഷിക ധനകാര്യ പത്രികയിലെയും തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഇനം | രജിസ്റ്റർ പ്രകാരം | വാർഷിക ധനകാര്യ പത്രിക പ്രകാരം |
|---|---|---|
| Profession Tax – Employees - Collection - current | 863345 | 663725 |
| Profession Tax – Traders - Collection | 67110 | 175930 |
| Profession Tax – Traders - Receivables - current | ഇല്ല | 578980 |

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം നൽകേണ്ടതും, കുറവായി ഈടാക്കിയ തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മാവേലി സ്റ്റോറിലെ വിലയിൽ അധികരിച്ച് ഭക്ഷ്യധാന്യം വാങ്ങിയ നടപടി അംഗീകരിക്കുന്നില്ല.

2012-13 സാമ്പത്തിക വർഷത്തിൽ അംഗനവാടികൾക്കാവശ്യമായ ഭക്ഷ്യവസ്തുക്കൾ വാങ്ങിയിരിക്കുന്നത് പാലക്കാട് കോ-ഓപ്പറേറ്റീവ് മാർക്കറ്റിങ്ങ് സൊസൈറ്റി ലിമിറ്റഡ് നം.എഫ് 1078, ചിറ്റൂർ എന്ന സ്ഥാപനത്തിൽ നിന്നാണ്. അംഗനവാടികൾക്കാവശ്യമായ ഭക്ഷ്യവസ്തുക്കൾ മാവേലി സ്റ്റോറിൽ നിന്നോ, മാവേലി സ്റ്റോറിലെ വിലയിൽ അധികരിക്കാതെയോ വാങ്ങണമെന്ന് ഗവ. സർക്കുലർ നം. 62393/db2/2010, dt 13.11.2010 പ്രകാരം നിഷ്ക്കർഷിച്ചിട്ടുണ്ട്. മാവേലി സ്റ്റോർ വിലയിൽ അധികരിച്ച് വാങ്ങിയതു മൂലം 2,12,515/- രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ഇൻവോയ്സ് നം | ഭക്ഷ്യവസ്തുക്കൾ | വാങ്ങിയ അളവ് | കോ-ഓപ്പറേറ്റീവ് സ്റ്റോർ വില | മാവേലി സ്റ്റോർ വില | വ്യത്യാസം | അധിക വില അനുവദിച്ചത് |
|---|---|---|---|---|---|---|---|
| 1 | 158/15.3.12 | വെളിച്ചെണ്ണ | 260 | 108 | 93.18 | 14.82 | 260* 14.82= 3853 |
| | | നിലക്കടല | 500 | 96 | 93.19 | 2.81 | 500*2.81= 1405 |
| | | ചെറുപയർ | 780 | 81 | 53.9 | 27.1 | 780*27.1=21138 |
| | | ശർക്കര | 595 | 49 | 35.3 | 13.7 | 595*13.7= 8151.5 |
| 2 | 159/15.3.12 | ശർക്കര | 318 | 49 | 35.3 | 13.7 | 318*13.7= 4357 |
| | | ചെറുപയർ | 318 | 81 | 53.9 | 27.1 | 318*27.1= 8618 |
| 3 | 166/26.5.12 | ചെറുപയർ | 505 | 78 | 51.1 | 26.9 | 505*26.9= 13585 |
| | | ശർക്കര | 325 | 50 | 35 | 15 | 325*15= 4875 |
| 4 | 165/25.5.12 | നുറുക്ക് ഗോതമ്പ് | 1500 | 29 | 25.7 | 3.3 | 1500*3.3= 4950 |
| | | വെളിച്ചെണ്ണ | 198 | 87 | 86.28 | 0.72 | 198*0.72= 142.56 |
| | | ചെറുപയർ | 825 | 78 | 51.7 | 26.3 | 825*26.3=21697.5 |
| | | ശർക്കര | 555 | 50 | 35 | 15 | 555*15= 8325 |
| 5 | 175/30.7.12 | നുറുക്ക് ഗോതമ്പ് | 1300 | 29 | 25.7 | 3.3 | 1300*3.3= 4290 |
| | | വെളിച്ചെണ്ണ | 3 | 89 | 82.4 | 6.6 | 6.6*3= 19.8 |
| | | ശർക്കര | 310 | 49.5 | 40 | 9.5 | 310*9.5= 2945 |
| | | ചെറുപയർ | 345 | 77.5 | 52.5 | 25 | 345*25= 8625 |
| 6 | 176/16.8.12 | ശർക്കര | 520 | 47.5 | 46.72 | 0.78 | 520*0.78= 406 |
| 7 | 182/20.9.12 | ശർക്കര | 260 | 47.5 | 46.65 | 0.85 | 260*0.85= 221 |
| 8 | 181/20.9.12 | നുറുക്ക് ഗോതമ്പ് | 1000 | 31 | 26.95 | 4.05 | 1000*4.05= 4050 |
| | | വെളിച്ചെണ്ണ | 83 | 83 | 82.4 | 0.6 | 83*0.6= 49.8 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | ചെറുപയർ | 630 | 77.5 | 63.5 | 14 | 630*14= 8820 |
| | | ശർക്കര | 480 | 47.5 | 46.65 | 0.85 | 480*0.85= 408 |
| 9 | 196/29.12.12 | നുറുക്ക് ഗോതമ്പ് | 3934 | 33 | 29.24 | 3.76 | 3934*3.76= 14792 |
| 10 | 208/2.3.13 | നുറുക്ക് ഗോതമ്പ് | 1150 | 33 | 29.49 | 3.51 | 1150*3.51= 4037 |
| | | ചെറുപയർ | 640 | 74 | 65.5 | 8.5 | 640*8.5= 5440 |
| | | ശർക്കര | 520 | 52 | 41.16 | 10.84 | 520*10.84= 5637 |
| 11 | 207/2.3.13 | നുറുക്ക് ഗോതമ്പ് | 1967 | 33 | 29.49 | 3.51 | 1967*3.51=6904 |
| | | ശർക്കര | 281 | 52 | 41.16 | 10.84 | 281*10.84= 3046 |
| 12 | 186/23.1.12 | നുറുക്ക് ഗോതമ്പ് | 2107 | 31 | 29.49 | 1.51 | 2107*1.51= 3182 |
| | | ശർക്കര | 301 | 67 | 65.5 | 1.5 | 301*1.5= 451 |
| 13 | 187/4.12.12 | നുറുക്ക് ഗോതമ്പ് | 1400 | 33 | 29.24 | 3.76 | 1400*3.76= 5264 |
| | | വെളിച്ചെണ്ണ | 140 | 79 | 76.59 | 2.41 | 140*2.41= 337.4 |
| | | ചെറുപയർ | 695 | 77 | 66.1 | 10.9 | 695*10.9= 7576 |
| | | ശർക്കര | 490 | 65 | 40.64 | 24.36 | 490*24.36= 11936 |
| ആകെ | | | | | | | 199534.56/- |

മാവേലി സ്റ്റോറിലെ വിലയിൽ അധികരിച്ച് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്ന് ഭക്ഷ്യധാന്യം വാങ്ങിയതിന് ഓഡിറ്റ് അന്വേഷണം നം. 8/20.2.15 മുഖേന നിർവഹണോദ്യോഗസ്ഥയായ ഐ.സി.ഡി എസ് സൂപ്പർവൈസറോട് വിശദീകരണം ആവശ്യപ്പെട്ടിരുന്നു. ഭക്ഷ്യധാന്യങ്ങളുടെ മോശം ഗുണനിലവാരം പരിഗണിച്ചും, അഡ്വാൻസ് പേമെന്റ് പ്രായോഗികമല്ലാത്തതിനാലും വാങ്ങിയില്ല എന്ന മറുപടിയാണ് ലഭിച്ചത്.നിലവിലെ സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായ നടപടിയായതിനാൽ നഷ്ടം വന്ന തുക 199534.56/-രൂപ ഉത്തരവാദിയായ ഐ.സി.ഡി.എസ് സൂപ്പർവൈസറിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-2 ഷെഡ്യൂൾ നിരക്കിനെക്കാൾ അധികം നൽകിയ തുക തിരികെ ഈടാക്കണം

(ബിൽ നംപർ 66/12-13 തീയതി 31.3.2013)

അടങ്കൽ - 150000/- ലോക ബാങ്ക് സഹായം

പ്രൊജക്ട് നം - 83/2013

പുള്ളിമാൻചള്ള പ്രദേശത്ത് കുടിവെള്ളത്തിനായി pipeline നീട്ടുന്നതിനുവേണ്ടി 63mm pvc pipe ഉപയോഗിച്ച്390m നീളത്തിലും 40mm pvc pipe ഉപയോഗിച്ച് 100m നീളത്തിലും pipeline സ്ഥാപിച്ചിട്ടുണ്ട്. ഇതിനായി 63mm പി.വി.സി. പൈപ്പ് ഷെഡ്യൂൾ നിരക്കിനേക്കാൾ അധികം തുക നൽകി വാങ്ങിയിരിക്കുന്നു. ഓഡിറ്റ് എൻക്വയറി നം. 10 തീയതി.21.2.15 പ്രകാരം നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

Item 2 - Supply 63mm pvc pipe (6 kg/cm2/including all cost of materials conveyance etc., complete 30m x 325 = 9750

എന്നാൽ 1.10.2012 തീയതിയിലെ SOR പ്രകാരം 63 pvc pipe-നു 277 രൂപയാണ് നിശ്ചയിച്ചിരിക്കുന്നത്. ആയതിനാൽ ഈ ഇനത്തിൽ അധികം നൽകിയ 1440- ( 9750-8310) രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി,എൻജിനീയറിൽ നിന്നും തുക ഈടാക്കി പദ്ധതി ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-3 അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ അനുവദിച്ച അളവിനേക്കാൾ അധികം കണക്കാക്കി പിൻവലിച്ച തുക തിരികെ ഈടാക്കേണ്ടതാണ്

2012-13 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ മരാമത്ത് പ്രവൃത്തിയിൽ അളവ് പുസ്തകത്തിൽ അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ limit ചെയ്തു രേഖപ്പെടുത്തിയ അളവിനേക്കാൾ കൂടുതൽ അളവ് കണക്കാക്കി പണം പിൻവലിച്ചതായി ഓഡിറ്റ് പരിശോധനയിൽ കണ്ടു. വിശദ വിവരം ഇതോടൊപ്പം ചേർക്കുന്നു. (അളവ് പുസ്തകം നം 109/2011-12 - 161/2011-12). (ഓഡിറ്റ് എൻക്വയറി നം. 10 തീയതി 21.2.15 പ്രകാരം നൽകിയെങ്കിലും മറുപടി ലഭിച്ചില്ല).

| Item | Particulars | Total measure<br>ment | Rate | Total Value | Deducted previous measurement | | | measure<br>ment beyond limited quantity | Amount calculated<br>beyond limited quantity |
|---|---|---|---|---|---|---|---|---|---|
| | | | | | M Book No | Page No | Quantity limited for payment | | |
| 8 | Sectioning the road surface for new road | 293.30m2 | 79/10m2 | 2317.07 | 161/2011-12 | 1 | 285 | 8.30 | 65.57 |
| 9 | Supplying and stacking 60mm graded metal | 29.33m3 | 980/m3 | 28743.40 | -do- | 1 | 29.00 | 0.33 | 323.40 |
| 10 | Supplying and stacking 36mm metal | 8.41m3 | 1072/m3 | 9015.52 | -do- | 2 | 8.00 | 0.41 | 439.52 |
| 11 | Supplying and stacking gravelly red earth | 5.87n3 | 374/m3 | 2195.38 | -do- | 3 | 5.80 | 0.07 | 26.18 |
| 12 | Metallin g the roadway with 60mm graded metal | 293.30m2 | 626/10m2 | 18360.58 | -do- | 4 | 285 | 8.30 | 519.58 |
| 13 | Supplying and stacking 12mm metal | 19.77m3 | 1508/m3 | 29813.16 | -do- | 4 | 19.44 | 0.33 | 497.64 |
| 14 | Supplying and stacking 6mm metal | 6.59m3 | 1217/m3 | 8020.03 | -do- | 5 | 6.48 | 0.11 | 133.87 |
| 15 | Filling up pot holes with 36mm metal | 8.41m3 | 2397/m3 | 20158.77 | -do- | 6 | 8.00 | 0.41 | 982.77 |
| 16 | Providing 20mm pre-mixed chipping carpet<br>with BT surface | 732.33m2 | 1636/10m2 | 119809.18 | -do- | 7 | 720 | 12.33 | 2017.18 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | |
| | | | | | | | | Total | 5005.71 |

അനുവദിച്ച അളവിനേക്കാൾ അധികം കണക്കാക്കി പിൻവലിച്ച തുക 5006/- രൂപ ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കി പദ്ധതിഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-4 തെരുവ് വിളക്ക് റിപ്പയർ- കെ.എസ്.ഇ.ബി യുടെ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 75651/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

2012-13 സാമ്പത്തിക വർഷത്തെ തനത് ഫണ്ട് വൌച്ചറുകൾ പരിശോധിച്ചതിൽ തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തതിന് ഇലക്ട്രിക്കൽ സാമഗ്രികൾ വാങ്ങിയതിന്റെ ചെലവ് താഴെ ചേർക്കുന്നു.

| ക്രമ നം | വൌച്ചർ നം/തീയതി | തുക | നൽകിയത് |
|---|---|---|---|
| 1 | 310/17.9.12 | 18757 | സിഡ്കൊ |
| 2 | 451/17.12.12 | 7095 | ബെസ്റ്റ് പവർ ഇലക്ട്രിക്കൽസ്,പാലക്കാട് |
| 3 | 460/22.2.12 | 24857 | ടി |
| 4 | 523/31.1.13 | 24942 | ടി |
| | ആകെ | 75651 | |

മേൽ പ്രകാരം വാങ്ങിയ ഇലക്ട്രിക്കൽ സാമഗ്രികൾ ഉപയോഗിച്ച് തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തതിന് കെ.എസ്.ഇ.ബി യുടേയോ വാർഡ് മെമ്പർമാരുടേയോ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല. കെ.എസ്.ഇ.ബി യുടെ എസ്റ്റിമേറ്റ്, വർക്ക് ബിൽ എന്നിവയും ലഭ്യമല്ല. ഈ സാഹചര്യത്തിൽ ആകെ ചെലവ് തുക 75651/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 തെരുവു വിളക്കകൾ, ഇലക്ട്രിക്കൽ സാമഗ്രികൾ വാങ്ങൽ- പർച്ചേസ് കമ്മിറ്റി തീരുമാനത്തിൽ അധിഷ്ഠിതമാക്കേണ്ടതാണ്.

സാമ്പത്തികവർഷം 590 എണ്ണം സി.എഫ്.എൽ പർച്ചേസിനായി ആകെ 648912/- രൂപ പദ്ധതിവിഹിതത്തിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. സോഡിയം വേപ്പർ ലാമ്പുകളുടെ അറ്റകുറ്റപണിക്കായി തനത് ഫണ്ടിൽ നിന്ന് 104580/- രൂപയും ചെലവഴിച്ചിട്ടുണ്ട്. 30.4.12 ലെ പർച്ചേസ് കമ്മിറ്റി തീരുമാനം നം- 1 പ്രകാരം തെരുവ് വിളക്കുകൾ, സാധനസാമഗ്രികൾ എന്നിവയുടെ വാങ്ങൽ പരിധി സാമ്പത്തിക വർഷം 2.5 ലക്ഷം രൂപയാണ്. വാർഷിക ബജറ്റിലാകട്ടെ ഇതിനായി വകയിരുത്തിയ തുക 545000/- രൂപയുമാണ്. വാർഷിക ബജറ്റിലൂന്നി പർച്ചേസ് കമ്മിറ്റി തീരുമാനങ്ങൾ രൂപീകരിക്കേണ്ടതും, വാങ്ങലുകളിൽ ടി പരിധി പാലിക്കേണ്ടതുമാണ്.

## 3-6 ഡെപ്പോസിറ്റ് പ്രവൃത്തികൾ- വിനിയോഗ/ പൂർത്തീകരണ വിവരം ലഭ്യമല്ല.

2012-13 സാമ്പത്തിക വർഷം നിർവ്വഹിച്ച താഴെ പറയുന്ന ഡെപ്പോസിറ്റ്പ്രവൃത്തികളുടെ വിനിയോഗ /പൂർത്തീകരണവിവരം , കെ.എസ്.ഇ.ബി യുമായുള്ള കരാർ എന്നിവ ഓഡിറ്റ് അന്വേഷണം തീയതി 18.02.15) മുഖേന ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പ്രൊജക്ട് നം | ഡെപ്പോസിറ്റ് പ്രവൃത്തി | ബിൽ നം/ തീയതി | തുക | നൽകിയത് |
|---|---|---|---|---|---|
| 1 | 186/12 | വക്കോട് കുളമ്പ് വൈദ്യുതി ലൈൻ നീട്ടൽ | 6/12-13<br>16.6.12 | 37560/- | KSEB, തത്തമംഗലം |
| 2 | 12/13 | തെരുവ് വിളക്ക് മീറ്റർ സ്ഥാപിക്കൽ | 33/12-13<br>9.1.13 | 328600/- | ടി |
| 3 | 154/13 | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 39/12-13<br>7.2.13 | 50000/- | ടി |
| | | | ആകെ | 416160/- | |

മേൽ പ്രവൃത്തികളുടെ ചെലവ് വിനിയോഗം/ പൂർത്തീകരണ വിവരം എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-7 കുടിവെള്ളപദ്ധതി- അടയ്ക്കുന്ന വെള്ളക്കരത്തിന്റെ കൃത്യത ഉറപ്പാക്കേണ്ടതാണ്.

പഞ്ചായത്ത് നേരിട്ട് നടത്തുന്ന കുടിവെള്ളപദ്ധതിയിൽ 136 പൊതുടാപ്പുകൾ ഉൾപ്പെടുന്നു. ആയതിന്റെ വെള്ളക്കരമിനത്തിൽ സാമ്പത്തിക വർഷം 475992/- രൂപ (39666*12) വാട്ടർ അതോറിറ്റിയിൽ (പി.എച്ച് ഡിവിഷൻ, പാലക്കാട്) അടച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി ആകെ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല. 136 എണ്ണത്തിൽ പ്രവർത്തനക്ഷമമായവയുടെ കണക്ക് ലഭ്യമല്ല. വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായവയുടെ എണ്ണം തിട്ടപ്പെടുത്തി അടവാക്കുന്ന വെള്ളക്കരത്തിന്റെ കൃത്യത ഉറപ്പാക്കേണ്ടതാണ്.ഈയിനത്തിൽ പഞ്ചായത്തിന് കുടിശ്ശിക നിലവിലില്ല.

## 3-8 വനിതാ തൊഴിൽശാല- പദ്ധതി പ്രാവർത്തികമായില്ല

*പ്രൊജക്ട് നം-142/11*
*അടങ്കൽ- 1600000/-*

2010-11 സാമ്പത്തിക വർഷം നിർമ്മാണം ആരംഭിച്ച പട്ടികജാതിമേഖലയിലുൾപ്പെട്ട പ്രസ്തുത സംരംഭം 2013-14 സാമ്പത്തിക വർഷം മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. കെട്ടിടനിർമ്മാണത്തിനായി ഐ.ആർ.ടി.സി. മുണ്ടൂരിന് ഇതേവരെ 1312140/- രൂപ അനുവദിച്ചിട്ടുണ്ട്. 50 പട്ടികജാതി വനിതകളെ തെരഞ്ഞെടുത്ത് 10പേരടങ്ങുന്ന 5 ഗ്രൂപ്പുകളായി തിരിച്ച് ഐ.ആർ.ടി.സി മുഖേന പരിശീലനം ലഭ്യമാക്കി വിവിധ തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്.

കെട്ടിടനിർമ്മാണം പൂർത്തീകരിച്ചതല്ലാതെ വനിതാ ഗ്രൂപ്പുകളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പഞ്ചായത്ത് നാളിതുവരെ സ്വീകരിച്ചിട്ടില്ല. കെട്ടിടനിർമ്മാണത്തിനുതന്നെ 3 വർഷം പിന്നിട്ട സാഹചര്യത്തിൽ പദ്ധതിയുടെ ലക്ഷ്യപ്രാപ്തിക്കായി മറ്റ് നടപടിക്രമങ്ങൾ താമസംവിനാ സ്വീകരിക്കുവാൻ ഭരണസമിതിയോട് ആവശ്യപ്പെടുന്നു.

## 3-9 നിശ്ചിത കാലാവധിക്കുള്ളിൽ മരാമത്ത് പ്രവൃത്തികൾ പൂർത്തികരിക്കാത്തത് - പിഴ ഈടാക്കിയിട്ടില്ല

2012-2013 വർഷത്തൽ ഏറ്റെടുത്ത് നടത്തിയ മരാമത്ത് പ്രവൃത്തികൾ എഗ്രിമെന്റിൽ നിർദ്ദേശിച്ചിരുന്ന കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തികരിക്കാത്തതിനു പിഴ ഈടാക്കിയിട്ടില്ല. 21.2.2015 തീയതിയിൽ 10-ാം നമ്പർ പ്രകാരം നൽകിയ ഓഡിറ്റ് എൻക്വറിയ്ക്ക് മറുപടി ലഭിച്ചില്ല. എന്നാൽ ഓഡിറ്റ് പരിശോധനയിൽ നിശ്ചിത കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തികരിക്കാത്തതിനു കരാറുകാരൻ വിശദീകരണം നൽകുകയോ കൂടുതൽ സമയം ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ നൽകുകയോ ചെയ്തിട്ടില്ല. ആയതിനാൽ താഴെപ്പറയുന്ന പ്രവൃത്തിയുടെ കാലതാമസത്തിനു കരാറുകാരനിൽ നിന്നും എഗ്രിമെന്റ് വ്യവസ്ഥകളിലെ നിബന്ധന 7 പ്രകാരം 3490- രൂപ പിഴയിനത്തിൽ ഈടാക്കേണ്ടതാണ്.

| പ്രവൃത്തിയുടെ പേര് പ്രൊജക്ട് നംപർ | അടങ്കൽ ഫണ്ട് | കരാറുകാരൻ, എഗ്രിമെന്റ് നംപർ/ തീയതി, അളവ് പുസ്തകം | എഗ്രിമെന്റ് പ്രകാരം പൂർത്തികരി ക്കേണ്ടത് | പൂർത്തി കരിച്ചത് | പിഴ ഈടാക്കേണ്ടത് | | | ആകെ പ്രവൃത്തി മൂല്യം / ബിൽ നംപർ/ തീയതി/ തുക |
|---|---|---|---|---|---|---|---|---|
| | | | | | ആദ്യത്തെ മൂന്നു മാസം @ 1% | തുടർന്നുള്ള ഓരോ മാസം @2% | ആകെ | |
| കുറ്റിക്കൽചള്ള റോഡ് പുനരുദ്ധാരണം | 349000 | പി.സുബ്രഹമണ്യൻ, 2.12.2011-ലെ 2011-12, അളവ് പുസ്തകം : 109/11-12 161/11-12 | 31.3.2012 | 24.07.12 | ₹ 3490 | - | ₹3490 | 115446 രൂപ ബിൽ നം 8/12-13 തീയതി 28.9.2012 |

## 3-10 ഓണം അഡ്വാൻസ്-ക്രമീകരിക്കേണ്ടതാണ്

ഓണം അഡ്വാൻസിനത്തിൽ ശ്രീമതി ഗിരിജ, എൽ.ഡി.സിക്ക് 10000/- രൂപ അനുവദിച്ചതിൽ (വൌച്ചർ നം. 275/24.8.12) 2000/- രൂപ ഇതുവരെയും ക്രമീകരിച്ചിട്ടില്ല. ആയത് ക്രമീകരിക്കേണ്ടതാണ്.

## 3-11 സി.ഡി.എസ് അക്കൗണ്ടിൽ അവശേഷിക്കുന്ന നിഷ്ക്രിയ തുകകൾ തിരിച്ചടക്കടക്കേണ്ടതാണ്

സി.ഡി.എസിന്റെ പട്ടഞ്ചേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിലെ അക്കൗണ്ട് 1936 പരിശോധിച്ചതിൽ 2012-13 വർഷാവസാനം 5187648/- രൂപ നീക്കിയിരുപ്പുണ്ട്. നിഷ്ക്രിയമായി സൂക്ഷിച്ചിരിക്കുന്ന തുകകളുടെ വിവരം താഴെ ചേർക്കുന്നു. ആയത് തിരികെ അടവാക്കേണ്ടതാണ്.

| ക്രമനം | പ്രൊജക്ട് വിശദാംശം | വരവ് വിശദാംശം | ചെലവ് | ബാക്കി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | ആശ്രയ (ജനറൽ) | 1908750- 1.3.04<br>240000- 26.3.09<br>200000- 30.12.10 | 202000 | 346750 |
| 2 | മേൽപ്പുര SC 2004-05 | 465000 | 367500 | 97500 |
| 3 | മേൽപ്പുര ജനറൽ 04-05 | 95000 | 75000 | 20000 |
| 4 | മേൽപ്പുര ജനറൽ (വനിത) 05-06 | 390000 | 340000 | 50000 |
| 5 | ജില്ലാ പഞ്ചായത്ത് ഭവനം-(വനിത-SC) 06-07 | 280000 | 210000 | 70000 |
| 6 | ജില്ലാ പഞ്ചായത്ത് ഭവനം (എസ്.ടി) 07-08 | 700000 | 560000 | 140000 |
| 7 | റിവോൾവിംഗ് ഫണ്ട്-പ്ലാൻ | 600000-4.3.05 | 500000 | 100000 |

ആകെ തിരിച്ചടക്കേണ്ട തുക = 824250/-

## 3-12 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം

2005 ൽ നിലവിൽ വന്ന ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2006-07 സാമ്പത്തിക വർഷംമുതൽ പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വരുന്നു. ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കുവാൻ സന്നദ്ധരായ അവിദഗ്ദ്ധ തൊഴിലാളികൾ ഉള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിതനിലവാരം ഉയർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശം. ഈടു നിൽക്കുന്ന ആസ്തികളുടെ രൂപീകരണവും ഗ്രാമീണ ദരിദ്രരുടെ ജീവിതോപാധികൾ ശക്തിപ്പെടുത്തൽ എന്നതുമാണ് സ്കീമിന്റെ പ്രധാന ലക്ഷ്യം. 2012-13 സാമ്പത്തിക വർഷത്തെ പദ്ധതി നടത്തിപ്പു രേഖകൾ പരിശോധനക്ക് വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | സൂചകങ്ങൾ | കണ്ടെത്തലുകൾ |
|---|---|---|
| 1 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 3933 |
| 2 | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 3933 |
| 3 | തൻ വർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 568 |
| 4 | തൻ വർഷത്തെ ആകെ അടങ്കൽ | 106385000 |
| 5 | തൻ വർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം | 280 |
| 6 | തൻ വർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 253 |
| 7 | സാധനസാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം. മെറ്റീരിയൽസിന്റെ ചെലവ് | - |
| 8 | തൻ വർഷത്തെ വരവ് | 30303685 |
| 9 | തൻ വർഷത്തെ ചെലവ് | 30792916 |
| 10 | തൻ വർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 2806 |
| 11 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 908 |
| 12 | തൊഴിൽ ആവശ്യപ്പെട്ടിട്ടും നൽകാതിരുന്നത് എത്ര പേർക്ക്?<br>തൊഴിൽ രഹിതവേതനം നൽകിയത് എത്ര പേർക്ക്?<br>നൽകിയ തുക | - |
| 13 | തൊഴിൽ സ്ഥലത്ത് സംഭവിച്ച അപകടങ്ങളുടെ എണ്ണം, ചെലവഴിച്ച തുക | - |
| 14 | തൊഴിൽസ്ഥലങ്ങളിൽ പ്രവൃത്തികളുടെ വിവരം കാണിക്കുന്ന ബോർഡ്സ്ഥാപിക്കാറുണ്ടോ | ഉണ്ട് |

| | | |
|---|---|---|
| 15 | തൻ വർഷം സൃഷ്ടിക്കപ്പെട്ട സ്ഥിര ആസ്തികളുടെ എണ്ണം | 29(കുളങ്ങൾ) |
| 16 | സോഷ്യൽ ഓഡിറ്റ് നടന്ന മാസം | ഒക്ടോബർ/12<br>എപ്രിൽ/13 |
| 17 | പരാതി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോ? | ഉണ്ട് |
| 18 | സ്വകാര്യവ്യക്തികളുടെ സ്ഥലത്ത്പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ എണ്ണം | 29(കുളങ്ങൾ) |

**നടപ്പിലാക്കിയ പ്രവർത്തികളുടെ വിശദാംശം**

| ക്രമ നം. | പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം | നടപ്പിലാക്കിയവയുടെ വിവരം | ചെലവ് |
|---|---|---|---|
| 1 | മൈക്രോ ഇറിഗേഷൻ | 39 | 4836266 |
| 2 | വരൾച്ച തടയൽ, വനവൽക്കരണം | - | |
| 3 | പട്ടികജാതി ,പട്ടികവർഗ്ഗക്കാരുടെ ഭൂമിയിൽ ജലസംരക്ഷണം, ഭൂവികസനം | 8 | 193106 |
| 4 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 153 | 18584303 |
| 5 | ഭൂവികസനം | 14 | 1338570 |
| 6 | വെള്ളപ്പൊക്ക നിയന്ത്രണ നിവാരണ പ്രവർത്തനങ്ങൾ | 6 | 62628 |
| 7 | റൂറൽ കണക്റ്റിവിറ്റി | 33 | 3942806 |
| 8 | ഭരണപരമായ ചെലവുകൾ | | 1835237 |
| | ആകെ | | 30792916 |

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സാമ്പത്തിക നില

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എ ഫണ്ട് | 2987172 | 16365142 | 19352314 | 11862502 | 7489812 |
| ബി ഫണ്ട് | - | 15544244 | 15544244 | 15544244 | - |
| സി ഫണ്ട് | 1506705 | 11095071 | 12601776 | 8930911 | 3670865 |
| ഡി ഫണ്ട് | 4914910 | 4569253 | 9484163 | 7776882 | 1707281 |
| ഇ ഫണ്ട് | 540085 | 30303685 | 30843770 | 30792916 | 50854 |
| എഫ് ഫണ്ട് (മറ്റ് ഫണ്ടുകൾ ഉൾപ്പെടെ) | 693065 | 5759807 | 6452872 | 6106051 | 346821 |

| | | | | | |
|---|---|---|---|---|---|
| CFC | 75672 | 4338592 | 4414264 | 3847143 | 567121 |
| K.L.G.S.D.P | 830425 | 2504000 | 3334425 | 1056183 | 2278242 |
| ആകെ | 11548034 | 90479794 | 102027828 | 85916832 | 16110996 |

നീക്കിയിരുപ്പിന്റെ വിശദാംശം

| ബാങ്ക് ട്രഷറി | അക്കൌണ്ട് നമ്പർ | നീക്കിയിരുപ്പ് |
|---|---|---|
| ട്രഷറി-VPFA-1 | | 1707281 |
| VPFA-11(a) | | 2505873 |
| VPFA-11(b) | | 4983939 |
| VPFA-111 | | 3670865 |
| VPFA-1V | | 567121 |
| VPFA-V | | 2278242 |
| പട്ടഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക്-തനത്ഫണ്ട് | 1088 | 298927 |
| ടി (ദുരിതാശ്വാസനിധി) | 4862 | 100 |
| കാനറാ ബാങ്ക്,മീനാക്ഷിപുരം<br><br>(ജലനിധി) | 1041 | 5208 |
| എസ്,ബി.ടി. തത്തമംഗലം -NREGS | 67012679955 | 50854 |
| കയ്യിരുപ്പ് പണം | | 42586 |
| | ആകെ | 16110996 |

## 4-2 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഒടുക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ-തിയ്യതി | ഏതു ഫണ്ടിൽ തിരിച്ചടച്ചു | ചലാൻ നം.തിയ്യതി. |
|---|---|---|---|---|---|---|
| 2006-07 | 3-2 | 2783 | ശ്രീ. വി.എ. തോമസ് സെക്രട്ടറി | 11205100914/31.10.12 | തനത് ഫണ്ട് | |
| | ആകെ | 2783 | | | | |

## 4-3 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം.

ഓഡിറ്റ് വർഷത്തെ ആകെ വരവ് - 102027828/-

ഓഡിറ്റ് വർഷത്തെ ആകെ ചെലവ് - 85916832/-

വരവിനങ്ങളിലുള്ള നഷ്ടം - ഒന്നുമില്ല

*ചെലവിനങ്ങളിലുള്ള നഷ്ടം/*
*ഓഡിറ്റിൽ അംഗീകരിക്കാത്ത തുക - 20947056/-*

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക - 75651/-

ബി) പഞ്ചായത്തു ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടേ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
|---|---|---|---|
| 3-1 | | 199534.56 | ശ്രീമതി.ശോഭന, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-2 | | 1440 | ശ്രീ.എസ്.സേതു, അസി.എൻജിനീയർ |
| 3-3 | | 5006 | ശ്രീ.എസ്.സേതു, അസി.എൻജിനീയർ |
| 3-9 | | 3490 | ശ്രീ.എസ്.സേതു, അസി.എൻജിനീയർ |
| | ആകെ | 209470.56 | |

സി) തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടേ പേരും ഉദ്യോഗപേരും |
|---|---|---|
| 3-4 | 75651 | സി.ഗണേശൻ, സെക്രട്ടറി |

ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|
| | ഒന്നുമില്ല | |

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപേരും | ഇപ്പോഴത്തെ ( ഓഡിറ്റ് നടന്ന സമയം)<br><br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ശോഭന, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ<br><br>വടകരപ്പതി ഗ്രാമപഞ്ചായത്ത് | ശ്രീമതി.ശോഭന, w/o വിജയൻ, അദ്വൈതം, മന്ദത്ത്കാവ്, തത്തമംഗലം, പാലക്കാട് 678102 |
| ശ്രീ.എസ്.സേതു, അസി.എൻജിനീയർ | അസി.എഞ്ചിനീയർ<br><br>കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത് | മാമ്പുള്ളി ഹൗസ്, ചുള്ളിമട, കഞ്ചിക്കോട് |

(ജി ) ഓഡിറ്റ് സംഗ്രഹം

ആകെ നൽകിയ 11ഓഡിറ്റ് അന്വേഷണങ്ങളിൽ 9 എണ്ണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

**4-4 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|

| | | |
|---|---|---|
| | | |
| 1996-97 | P9-597/99 dt.24.9.99/22.11.99 | FR |
| 1997-98 | P12-244/03 dt. 2.4.03/5.4.03 | പഞ്ചായത്തിലേക്ക് തുടർനടപടികൾക്കുള്ള കത്ത് |
| 1998-99 | P12-414/02 dt.1.10.02/26.10.02 | ടി |
| 1999-00 | P11-1557/09 dt. 6.9.10/24.9.10 | ടി |
| 2000-01 | P11-1247/08 dt.19.2.09 | ടി |
| 2001-02 | P11-1572/09 dt. 13.4.10 | ടി |
| 2002-03 | P11-79/09 dt. 11.2.09/20.2.09 | ടി |
| 2003-04 | P11-948/08 dt. 22.10.09 | FR |
| 2004-05 | P11-1371/11 dt. 20.9.11/14.10.11 | FR |
| 2005-06 | LFP19/595/15/24.11.14/11.6.15 | സാധൂകരണം സംബന്ധിച്ച കത്ത് |
| 2006-07 | LF.1332/spl.cell/C.Sc/D3/12 dt. 1.1.13 | സർചാർജ് ഒഴിവാക്കിയ കത്ത് |
| 2007-08 | LF-P11/375/12 dt.16.3.12/10.4.12 | FR |
| 2008-09 | LF-P11/1979/11 dt. 14.2.11/16.1.12 | FR |
| 2009-10, 2010-11 | P19/585/13 dt. 6.5.13/6.7.13 | FR ,surcharge proposal |
| 2011-12 | P19/481/14 dt.3.5.14 | ഓഡിറ്റ് റിപ്പോർട്ട് |

4-5 ചാർജ്/സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

എ) ചാർജ്/സർചാർജ് നോട്ടീസ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ അടവാക്കിയ തുകയുടെ വിവരം

ഒന്നുമില്ല

ബി) ചാർജ്ജ്/സർചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ അടവാക്കിയ തുകയുടെ വിവരം

ഒന്നുമില്ല.

*ഡെപ്യൂട്ടി ഡയറക്ടർ*
*ലോക്കൽ ഫണ്ട് ഓഡിറ്റ്,*
*പാലക്കാട് ജില്ല.*